പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ

45(784)ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ബി) ഇവരുടെ ഓരോരുത്തരുടെയും വിദ്യാഭ്യാസ യോഗ്യതകളും പരിചയവും പരിശീലന യോഗ്യതയും എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഇവർ പ്ലാനിംഗ് ബോർഡ് അംഗങ്ങളായി നിയമിക്കപ്പെടുന്നതിനു മുമ്പ് പ്ലാനിംഗിനെ സംബന്ധിച്ച് എന്തെല്ലാം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1. മുഖ്യമന്ത്രി - ചെയർമാൻ

2. ഐ.എസ്. ഗുലാത്തി-വൈസ് ചെയർമാൻ

അംഗങ്ങൾ

3. ധനകാര്യമന്ത്രി

4. വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി

5. ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി

6. വിദ്യാഭ്യാസ-പൊതുമരാമത്ത് വകുപ്പുമന്ത്രി

7. ഡോ. തോമസ് ഐസക്

8. ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്

9. ശ്രീ. കെ.എൻ. ശ്യാമസുന്ദരൻ നായർ

10. ഡോ. വി. ഇക്ബാൽ

11. ശ്രീ. എം.കെ. സാംബമൂർത്തി

ഇവരിൽ ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് ഫുൾടൈം അംഗവും മറ്റുള്ളവർ പാർട്ട്ടൈം അംഗങ്ങളുമാണ്.

(ബി) 1. ഡോ. തോമസ് ഐസക് പി.എച്ച്.ഡി (ഇക്കോണോമിക്സ്) ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ന്യൂഡൽഹി.

വ്യവസായം, ആസൂത്രണ വികേന്ദ്രീകരണം തുടങ്ങിയ മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്.

2. ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്, ചാർട്ടേർഡ് അക്കൗണ്ടന്റ്.

ധനകാര്യം, പ്ലാനിംഗ് എന്നീ മേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

3. ഡോ. ബി. ഇക്ബാൽ - എം.ബി.ബി.എസ്. എം.എസ്. പ്രൊഫസർ, ന്യൂറോ സർജറിവിഭാഗം, മെഡിക്കൽകോളേജ്, കോട്ടയം. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസേവനം എന്നീ രംഗങ്ങളിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

4. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ - പി.എച്ച്.ഡി, അഗ്രി. എക്കോണോമിക്സ്) ഐ.സി.എ.ആർ ന്യൂഡൽഹി - കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ ജലസേചനം എന്നീ മേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എം.കെ. സാബമൂർത്തി- സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിൽ ഡയറക്ടർ, ചീഫ് എഞ്ചിനീയർ, മെംബർ, ചെയർമാൻ എന്നീ തസ്തികകളിൽ സേവനമനുഷ്ടിച്ചിട്ടുണ്ട്.

ഊർജ്ജം, സയൻസ് ആന്റ് ടെക്നോളജി എന്നീ മേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

(സി) 1. ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് - ദീർഘകാലമായി ആസൂത്രണവും സാമ്പത്തികവും സംബന്ധിച്ച് ലേഖനങ്ങൾ എഴുതാറുണ്ട്.

2. ശ്രീ. എം.കെ. സാംബമൂർത്തി - ദേശീയാടിസ്ഥാനത്തിൽ ഊർജ്ജാസൂത്രണത്തെപ്പറ്റി വിശദമായ പല പഠനങ്ങളും നടത്തിയിട്ടുണ്ട്.

4. ശ്രീ. കെ.എൻ. ശ്യാമസുന്ദരൻ നായർ

പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങൾ താഴെ ചേർക്കുന്നു.

1. ഇറിഗേറ്റഡ് ഫാമിംഗ്

2. ഡ്രൈഫാമിംഗ്

3. അഗ്രോ ക്ലൈമാറ്റിക് സോൺസ് ആന്റ് ബോർഡ് ആന്റ് ക്രോപ്പിംഗ് പാറ്റേൺസ് ഇൻ കേരള.

4. ഇക്കോണമിക് അനാലിസിസ് ഓഫ് ലാന്റ് യൂസ് ഇൻ എത്യോപ്യ

5. പെർസ്പെക്ടീവ് ഫ്രെയിംവർക്ക് ഫോർ സസ്റ്റെയിനബിൾ മൗണ്ടൻ അഗ്രികൾച്ചർ

6. അജണ്ട ഫോർ എ ഫുഡ് സെക്വർ ഏഷ്യാ പെസഫിക് റീജിയൻ ബൈ എ.ഡി. 2019

7. എൻവയോൺമെന്റ് പോളിസി പ്ലാനിംഗ് ഫോർ സസ്റ്റെയിനബിൾ അഗ്രിക്കൾച്ചർ ഇൻ ലാവോ പി.ഡി.ആർ

(4) ഡോ. ബി. ഇക്ബാൽ

1. എ ഡിക്കേഡ് ആഫ്റ്റർ ഹാത്തി കമ്മിറ്റി 1985 (മലയാളം ആന്റ് ഇംഗ്ലീഷ്) (A Decade After Hathi Committee)

2. എല്ലാവർക്കും ആരോഗ്യം ഇന്ന് (എട്ടുരാജ്യങ്ങളിലെ ആരോഗ്യ നയത്തെപ്പറ്റിയുള്ള പഠനം)

3. നിരോധിച്ച മരുന്നുകൾ, നിരോധിക്കേണ്ട മരുന്നുകൾ അവശ്യ മരുന്നുകൾ 1989 (മലയാളം, തമിഴ്, തെലുങ്ക്, ബംഗാളി)

4. ഡ്രഗ് ഇൻഫർമേഷൻ പാക്കറ്റ് (1990)

5. കേരളത്തിന് ഒരു ആരോഗ്യ നയം (1990) ലഘുലേഖ

(5) ഡോ. തോമസ് ഐസക്

പ്ലാനിംഗിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly